പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 2975 13-10-2011 - ൽ മറുപടിക്ക്

## ഗവൺമെന്റ് പ്ലീഡർമാരുടെ നിയമന മാനദണ്ഡങ്ങൾ

**ചോദ്യം**

ശ്രീ. ജി. സുധാകരൻ

ശ്രീ. എ. എം. ആരിഫ്

ശ്രീ. എ. പ്രദീപ് കുമാർ

ശ്രീമതി പി. അയിഷാ പോറ്റി

**ഉത്തരം**

ബഹു: മുഖ്യമന്ത്രി

| | | |
|---|---|---|
| (എ) | ഹൈക്കോടതിയിൽ ഗവൺമെന്റ് പ്ലീഡർമാരെയും, പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിനെയും നിയമിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ; | ഹൈക്കോടതിയിൽ ഗവ: പ്ലീഡർമാരെ നിയമിക്കുന്നത് 1978 കേരള ഗവ: ലോ ഓഫീസേഴ്സ് (അപ്പോയ്മെന്റ് ആന്റ് കണ്ടിഷൻസ് ഓഫ് സർവ്വീസ്) ആന്റ് കോൺടാക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ 3 മുതൽ 6 വരെ ചട്ടങ്ങൾക്കനുസരിച്ചാണ്. ഹൈക്കോടതിയിൽ പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിനെ നിയമിക്കുന്നത് 1973 ലെ ക്രിമിനൽ നിയമ നടപടി സംഹിതയിലെ വ്യവസ്ഥകൾ പ്രകാരമാണ്. |
| (ബി) | ഈ സർക്കാർ ഇതിനകം നിയമനം നടത്തിയ ഗവൺമെന്റ് പ്ലീഡർമാരെയും, പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിനേയും സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ഇതിനകം സർക്കാർ നിയമനം നടത്തിയ ഗവ: പ്ലീഡർമാരെപ്പറ്റിയുള്ള ആക്ഷേപങ്ങൾ ഒന്നുംതന്നെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിന്റെ നിയമനം നടത്തുന്നത് ആഭ്യന്തരവകുപ്പാണ്. ശ്രീ. അസഫ് അലിയെ പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ ആയി നിയമിച്ചത് സംബന്ധിച്ച് ഒരു കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇത്തരം രീതിയിൽ നിയമനം ലഭിച്ചവർ കോടതികളിൽ സർക്കാരിനുവേണ്ടി വാദിക്കുമ്പോൾ സംഭവിക്കുന്ന ഭവിഷ്യത്തുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ഈ സർക്കാർ നിയമിച്ച അഭിഭാഷകർ കാര്യക്ഷമമായിതന്നെ കേസുകൾ കൈകാര്യം ചെയ്യുന്നുണ്ട്. |
| (ഡി) | എങ്കിൽ നിയമ വ്യവസ്ഥകളും മാനദണ്ഡങ്ങളും ലംഘിച്ചുകൊണ്ട് നടന്ന നിയമനങ്ങൾ പുന: പരിശോധിക്കാൻ തയ്യാറാകുമോ? | ബാധകമല്ല. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ